**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1577** **5.12.2014-ൽ മറുപടിക്ക്**

**മാലിന്യസംസ്ക്കരണ പ്ലാന്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി മമ്മൂട്ടി | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിന് എന്ത് നടപടിയാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത് ; | (എ) പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്ന നഗരസഭകളുടെ പ്രോജക്ട് പരിശോധിച്ച് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. ഇത്തരത്തിൽ നിലവിലുള്ള പ്ലാന്റുകൾ കുറ്റമറ്റതാക്കുന്നതിനും പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പുതിയ ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നാളിതുവരെ പദ്ധതി തയ്യാറാക്കി സമർപ്പിച്ച 27 നഗരസഭകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 100% സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട് |
| (ബി) വിദേശ രാജ്യങ്ങളിൽ പ്രവർത്തിച്ച് വിജയമെന്ന് കണ്ട, മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പ്ലാന്റ്, ഒരു മാതൃകാ പ്ലാന്റായി കൊച്ചിയിൽ സ്ഥാപിക്കാനായി കൈക്കൊണ്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇത് എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കും ? | (ബി) വിദേശ രാജ്യങ്ങളിൽ പ്രവർത്തിച്ച് വിജയമെന്ന് കണ്ട് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള പ്ലാന്റ് ഒരു മാതൃകാ പ്ലാന്റായി കൊച്ചിയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (PPP mode) സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ കൈക്കൊണ്ടുവരുന്നു. ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി കൊച്ചി നഗരസഭയെ ചുമതലപ്പെടുത്തുകയും ട്രാൻസാക്ഷൻ അഡ്വൈസറായി KITCO യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണത്തിലേക്കുള്ള Request for proposal (RFP) സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ